# പായലുകളുടെ നിഴൽ

എന്റെ വീട്ടിലെ വലിയ ഡൈനിങ് ഹാളിൽ ഒരുച്ചയ്ക്ക് ഞാനും കമലും ഇരിക്കുകയായിരുന്നു. നാലുമണിക്ക് ചായകുടിക്കാൻ ഭർത്താവു വരുമെന്നു പറഞ്ഞിരുന്നതിനാൽ ഞാൻ കേക്കുണ്ടാക്കുവാനുള്ള കോഴിമുട്ടബീററിൽഇട്ട്ശരിയാക്കിക്കൊണ്ടിരുന്നു.കമൽഎന്റെകണ്ണുകളിൽനോക്കാറില്ല.ഞാനുംഅങ്ങനെ തന്നെ.പരസ്പരംഅറിഞ്ഞുകൊണ്ടുള്ളഈഒളിച്ചുകളിഞങ്ങൾക്കിഷ്ടമായിരുന്നു.കണ്ണടച്ച്പാലുകുടിക്കുന്ന പൂച്ചയെപ്പോലെഞങ്ങൾസന്തോഷിച്ചു.

കമലിന് ഒരിക്കലും വെറുതെ കുറെ നേരം ഇരിക്കാൻ കഴിയുകയില്ല. കൈവിരൽ ഞൊടിച്ചോ തീപ്പെട്ടിക്കോൽ ചെറുതായി  പൊട്ടിച്ചോ എന്തെങ്കിലും ചെറിയ ശബ്ദം അയാൾ എപ്പോഴും ഉണ്ടാക്കും. മുൻപിലിരുന്ന അയാളുടെ കണ്ണുകളിൽ നോക്കാനാവാത്തപ്പോൾ ഈ ശബ്ദങ്ങളൊക്കെ വളരെ നല്ലതായി എനിക്കു തോന്നും.എന്നിട്ട്ഞാൻആശബ്ദങ്ങളിലേക്ക് നോക്കിയിരിക്കും.

കമൽ നിർബ്ബന്ധിച്ചുകൊണ്ടരുന്നു. വരൂ, നമുക്കു പുറത്തപോയി എന്തെങ്കിലും ചെയ്യാം. പരസ്പരം വെള്ളം തെറിപ്പിക്കുകയോ,ബ്ലൂബേഡ് റെസ്റ്റോറൻറിൽകയറിചായകുടിക്കുകയോ,എന്തെങ്കിലും.വരൂ.''

''രവിവരാറായില്ലേകമൽ?''ഞാൻപറഞ്ഞു.

കമലിന്റെ തീരെ ശുഷ്കിച്ച ശബ്ദം എനിക്കിഷ്ടമല്ലെങ്കിലും അയാൾ ചെയ്യുന്ന കാര്യങ്ങൾ എനിക്കിഷ്ടമായിരുന്നു. പലർക്കും ചെയ്യാനാവാത്തത് ചെയ്യെന്നു വരുത്താൻ കമലിനിഷ്ടമായിരുന്നു. എന്നു വച്ചാൽ, വളരെ  ഉയരമുള്ള ഒരു മതിലിന് മുകളിൽ നിന്നു ചാടാൻ, തീരെ ഭംഗിയില്ലാത്ത വേശ്യകളെ കൂട്ടി എല്ലാവരും കാൺകെ തന്റെ മുറിയിലേക്ക് കൊണ്ടുവരാൻ, വളരെ ചെറിയ കുട്ടികളുടെകൂടെ നൊണ്ടിക്കളിക്കാൻ,പിന്നെചീറുന്നകാറ്റിൽമലയുടെതുഞ്ചത്ത്ഒരുക്യാമറയുമായി കേറാൻ.

കമൽ വീട്ടിൽ വരുമ്പോഴൊക്കെ എനിക്ക് സന്തോഷം തോന്നും. അതുകൊണ്ട് ചൂടുള്ള കാപ്പിയും ചെറിയ പ്ലേറ്റ് നിറയെ മസാല ചേർത്ത കടലയും കൊടുത്ത് ഞാൻ പറയും: ''കമൽ, ഇരിക്കൂ. എന്താണ് അമ്മയെകൊണ്ടുവരാഞ്ഞത്? ഇനി ഒരിക്കലാവട്ടെ,ഞാനങ്ങോട്ട്വന്ന്അമ്മയെവിളിച്ചുകൊണ്ടുവരാം.''

അമ്മയുടെ കാര്യം റെുതെ പറയുന്നതാണെന്ന് കമലിനും എനിക്കുമറിയാം. അതുകൊണ്ട് കമൽ പറയും,  ഇനിയൊരു ദിവസം തീർച്ചയായും കൊണ്ടുവരാം. ഞാനിപ്പോൾ സ്റ്റുഡിയോയിൽ നിന്നാണു വരുന്നത്. പക്ഷേ, നിങ്ങൾ എന്റെ വീട്ടിൽ വന്ന് എന്റെ അമ്മയെ കൂട്ടിക്കൊണ്ടു വരൂ. അതുതന്നെയാണ് അതിന്റെവഴി.

എനിക്ക് കുട്ടികളുണ്ടായിരുന്നില്ല. ഭർത്താവിന്റെ കാറിന്റെ ഹോൺ കേൾക്കുന്നതും കാത്ത് ഇരിക്കുകയാണ് ഞാൻ വൈകുന്നേരങ്ങളിൽ പതിവ്. വാഴയിലയിൽ പൊതിഞ്ഞ മുല്ലപ്പവ് കൈയിൽ തന്ന് കവിളിൽ സ്നേഹത്തോടെ തട്ടുമ്പോൾ ഭർത്താവ് പറയും: ''നേരം കുറെയായി അല്ലേ? ജീവിതം നമ്മളറിയാതെ കൈവിരലുകൾക്കുള്ളിലൂടെ ചോരുന്നു.''

മുല്ലപ്പൂവ് ഭംഗിയിൽ ചൂടി ഞാൻ ഭർത്താവിന് ഭക്ഷണം വിളമ്പും. പിന്നെ ഭക്ഷണം കഴിയുന്നതുവരെ, ഭർത്താവിന്റെ വൃത്തിയുള്ള നഖങ്ങളിലും ഇടതുടർന്നു നരയ്ക്കാൻ തുടങ്ങുന്ന തലമുടിയിലും ഒക്കെ ഞാൻ നോക്കിയിരിക്കും. അപ്പോഴൊക്കെ എനിക്ക്, എന്റെ തറവാട്ടുവീട്ടിലെ വലിയ കുളത്തിന്റെ വക്കത്ത് തഴച്ചുവളർന്നുനിൽക്കുന്ന കൈതയെ ഓർമ്മവരും. പിന്നെ അതിന്റെ നിഴലുകൾ പതിയുന്ന പച്ചനിറമുള്ള വെള്ളത്തിനെ,കുളത്തിന്റെ കോണിൽപടരാൻതുടങ്ങിയിരുന്നപായലിനെ.

അങ്ങനെ ഒരു ദിവസം, ഭർത്താവിന്റെ കാറിന്റെ ശബ്ദവും പ്രതീക്ഷിച്ചിരിക്കെ കമൽ വന്നു കയറി. ടെന്നീസ് കോർട്ടിൽനിന്നും വരികയായിരുന്നു കമൽ എന്നു തോന്നുന്നു. വന്നപാടെ കമൽ കിതച്ചുകൊണ്ടാണെന്ന ഭാവത്തിൽപറഞ്ഞു: കുറച്ചു വെള്ളം തരൂ.എവിടെ രവി?''

''വന്നില്ല.''ഞാൻപറഞ്ഞു.

കമൽ വെള്ളം കുടിച്ചില്ല. കൈകൾക്കുള്ളിൽ മുഖം വച്ച് വെറുതെ ഇരിക്കുകയായിരുന്നു കമൽ. വെള്ളം, വേണ്ടിയിട്ടല്ല കമൽ ചോദിച്ചതെന്ന് എനിക്ക് ആദ്യമേ അറിയാമായിരുന്നു. അതുകൊണ്ട് വെള്ളം നീക്കിവച്ച്ഞാൻകമലിനെതിരെ വെറുതെഇരുന്നു.

ഫാനിന്റെ ചെറിയ ശബ്ദംഞങ്ങൾക്കുമുകളിൽത്തന്നെനിന്നു.അപ്പോഴാണ്കമൽഎന്റെകണ്ണുകളിൽ നോക്കിയത്. ഞാൻ വളരെ വേഗം ഓടി രക്ഷപ്പെടുന്ന ഭാവത്തിൽ കമലിന്റെ പുറംകൈയിലെ കട്ടി കൂടിയ രോമപാളിയിൽ നോക്കി.എന്റെകണ്ണുകളെഎവിടെവയ്ക്കണമെന്ന് എനിക്കു മനസ്സിലായില്ല. സത്യം.എന്റെ കണ്ണുകൾ ഇങ്ങനെ ആർക്കും കാണാവുന്ന വിധത്തിൽ പുറത്തായിപ്പോളയതിൽ എനിക്ക് വല്ലാത്ത വിഷമം തോന്നി.

''കമൽ വെള്ളംകുടിച്ചോളൂ,''ഞാൻപറഞ്ഞു.എന്നിട്ട് വെള്ളം കമലിന്റെഅടുത്തക്ക്നീക്കിവച്ചു.

വെള്ളം, സിനിമയിലെ നായകന്മാരെപ്പോലെ, കമൽ ഒറ്റത്തട്ട് തട്ടി. വെള്ളവും കുപ്പിച്ചില്ലും നിലത്തും ചിതറിയപ്പോൾ, എന്തെങ്കിലും ഒരു ജോലി കിട്ടിയ സന്തോഷത്തിൽ ഞാനതെല്ലാം തുടച്ചു വൃത്തിയാക്കാൻ

ഒരുമ്പെട്ടു. അപ്പോഴാണ് ഭർത്താവ് കടന്നുവന്നത്. ഭർത്താവിന്റെ ടൈയും കോട്ടും കൊണ്ടുവയ്ക്കാൻ അകത്തു പോകുമ്പോഴുംഞാനാഗ്രഹിച്ചു.എന്റെകണ്ണുകൾഎന്റെമുഖത്തുവേണ്ടിയിരുന്നില്ലെന്ന്.

അതിനൊരു നിവൃത്തിയുമില്ലാതായപ്പൊൾഞാൻഇനിപിന്നെകമലിനെകാണുമ്പോൾ പറയണമെന്നു വച്ചു. പക്ഷേ, കമൽ തട്ടിയത് ഒരു ഗ്ലാസ് വെള്ളമല്ലെന്ന് ഞങ്ങൾക്ക് ഇരുവർക്കും അറിയാം. ഞങ്ങൾക്കിടയിൽ ഉണ്ടെന്നു ഞങ്ങൾ സ്വയം വിശ്വസിച്ചിരുന്ന മറയാണ് കമൽ തട്ടിയത്. അതു തീരെ കീറിപ്പോയ സ്ഥിതിക്ക് ഇനി പറയാനും ഉണ്ടായിരുന്നില്ല ഒന്നും.ഏതായാലും അതൊന്നും വേണ്ടിവന്നില്ല. പരസ്പരം നോക്കാതെ ഞങ്ങൾ കാപ്പി കുടിക്കുകയും മസാല ചെർത്ത കടല തിന്നുകയും ചെയ്തു. പകരം നഖത്തുമ്പുകളിലും തീപ്പെട്ടിക്കോലുകളിലും ഒക്കെ നോക്കാൻ തുടങ്ങി. കത്തിച്ചു ബാക്കിയിട്ട സിഗററുകുറ്റിയിലെ പുകയില മേശപ്പുറത്ത് ഉതിർത്തിട്ടുകൊണ്ട് കമൽ പുറത്ത് എന്നെ ചായ കുടിക്കാൻ വിളിക്കും. ഭർത്താവിനു കെക്കുണ്ടാക്കാനുള്ള കോഴിമുട്ടബീറ്ററിലിട്ടുകറക്കികൊണ്ട്,ഞാൻവരാംഎന്നുപറയും.

വിജനമായ വഴിയിലൂടെ,എതിരെ വരുന്ന കാറ് ശ്വാസംമുട്ടിക്കുന്നത്ര വേഗത്തിൽ കാറോടിക്കുമ്പോൾ , രോമം നിറഞ്ഞ കൈത്തണ്ടയിലെ ഞരമ്പുകൾ നല്ലപോലെ തെളിയുമ്പോൾ, നനവുള്ള കമലിന്റെ കണ്ണുകൾ കാണുമ്പോൾ എനിക്കു തോന്നും, ജീവിതം തുടങ്ങുന്നതും അവസാനിക്കുന്നതും ഒരിക്കലും ജനനത്തിലും മരണത്തിലുമല്ലെന്ന്. പലർക്കും അതു പലയിടത്തുവച്ചു തുടങ്ങുന്നു. പ്രതീക്ഷിച്ചിരിക്കാതെ അത് എവിടെയൊക്കെയോ അവസാനിക്കുന്നു. പക്ഷേ, ഞാൻ ഒന്നും പറയില്ല.  കമലിന് അത്ര വേഗത്തിൽ കാറോടിക്കുമ്പോൾഒന്നുംപറയുന്നത്ഇഷ്ടമാവാറില്ല.

''അതിവേഗം നമുക്കെതിരെ വലുതാവുന്ന പാത കാറിനടിയിലൂടെ നമ്മുടെ പിന്നിലേക്ക് ഓടുന്നതു കാണുമ്പോൾ എനിക്ക് സന്തോഷം തോന്നും.'' കമൽ പറയാറുണ്ട്: ''ഈ വേഗം എതിരാളിയുടെ ഹൃദയത്തിലേക്കാഴ്ത്തുന്ന കത്തിയുടെ മൂർച്ചയെയാണ് എന്നെ ഓർമിപ്പിക്കാറ്. പിന്നെ, ഞാൻ ജയിക്കുകയാണെന്നു തോന്നും.എന്ത്അർത്ഥശൂന്യത. ഈ പാത പിന്നെയും  നീളുകതന്നെയാണ്.എത്രകാലം ഇങ്ങനെകത്തിആഴ്ത്തിനടക്കാൻപറ്റും?''

പക്ഷേ, കമൽ ഇതൊക്കെ വെറുതെ പറയുകയാണ്, എനിക്കറിയാം. മലയുടെ തുമ്പത്തുനിന്നും താഴോട്ടു  ചാടുന്നതും,ആപത്തുവരുത്തുന്ന വേഗത്തിൽ കാറോടിക്കുന്നതും, വൃത്തികെട്ട വേശ്യകളെ കൂടെ കൊണ്ടു നടക്കുന്നതും ഒക്കെഎന്തിനാണെന്ന്എനിക്കറിയാം.എവിടെയാണ് കമലിനെ ഒളിപ്പിക്കുക ? ഞാൻ ആലോചിക്കാറുണ്ട്. നിർത്താതെ പിൻതുടരുന്ന സ്വന്തം സംശയങ്ങളിൽനിന്നും എവിടെയാണ് ഒളിപ്പിക്കുക ? വേശ്യകളുടെ മടിയിൽ, എന്റെ ഹൃദയത്തിൽ, ശ്വാസംമുട്ടുന്ന വേഗത്തിൽ ? ചിലപ്പോൾ കമലിന്റെ മുഖത്തെ ദയനീയമായ അസഹ്യത കാണുമ്പോൾ, ബുദ്ധിമതിയായ ഒരു ഭാര്യയാണെന്നു നടിച്ച് ഞാൻ പറയും: ''പറ്റില്ല കമൽ, അവനവനിലേക്കുതന്നെയുള്ള മടക്കയാത്രയാണ് നാമൊക്കെ തുടങ്ങുന്നത്.'' ഒരു വലിയ വിഡ്ഢിത്തം കേട്ട ഭാവത്തിൽ കമൽ വെറുപ്പൊടെ എന്റെ നേരെ കണ്ണയയ്ക്കും. എന്നിട്ട് കമൽ പറയും: ''നോക്കൂ, നിങ്ങളുടെ ഫിലോസഫിയൊന്നും എന്നോടിളക്കണ്ട. മടക്കയാത്രയാണത്രെ ! നാം എല്ലാവരും നമ്മിൽനിന്നുമാണ്ഓടുന്നത്. മടക്കമില്ലാത്തതുമാണ്ആ യാത്ര.''

ഒരുപക്ഷേ, നിങ്ങൾ പറയുന്നതും ശരിയാവും.'' കമൽ കാപ്പിക്കോപ്പ വട്ടത്തിൽ തിരിച്ചുകൊണ്ട് പറയും പിന്നെ.

ഞാൻ ഒന്നും പറയില്ല. ഞങ്ങൾ ഒരുമിച്ചു വീണ്ടും ചൂടുള്ള കാപ്പി പതുക്കെ കുടിച്ചുകൊണ്ടിരിക്കും. ഒരുപക്ഷേ, ഭർത്താവ് വരുന്നതുവരെ,അല്ലെങ്കിൽ ഇരുട്ടിൽ ഒന്നും കാണാതാവുന്നതുവരെ,ഞങ്ങൾഇരിക്കും. അങ്ങനെ ഇരിക്കുമ്പോൾ എനിക്കു തോന്നാറുണ്ട് കമലിനെ എന്റെ ഉള്ളിൽ ഒളിപ്പിക്കാൻ. ഹൃദയത്തിൽ കമലിനേയും ഒളിപ്പിച്ചുകൊണ്ടു നടക്കുക,എന്റെഉള്ളിൽമാത്രമാണ്കമലെന്ന്അറിയുക. ഒരുപക്ഷേ,കമലിന് എന്റെഹൃദയത്തിന്റെതാളത്തിൽതിരുത്തലുകളുണ്ടാക്കാൻപറ്റിയേക്കും,ഞാനോർക്കും.''

ഇത്തരം ആലോചനകൾ വളരെ അധികമായാൽ ഞാൻ പറയും, കമൽ കാപ്പിയിൽ മധുരമില്ല തീരെ, അല്ലേ ? കുറച്ചുകൂടിഇടട്ടെപഞ്ചസാര?

ഒരു ചെറിയ മൂളലോടെ കമൽ കപ്പ് നീട്ടിത്തരും. കമലിന്റെ കൈവിരലുകളിൽ തൊടാതിരിക്കാൻ ആവുന്നത്ര ശ്രദ്ധിച്ച് ഞാൻ പഞ്ചസാര കാപ്പിയിലിടും. കമൽ അപ്പോൾ എന്റെ മുഖത്തേക്ക് നോക്കുമെന്നറിയാവുന്നതുകൊണ്ട് ഞാൻ വളരെ പ്രധാനമാണെന്ന മട്ടിൽ മറ്റെവിടെയെങ്കിലും നോക്കും. അവസാനം മേശപ്പുറത്ത് കൊളുത്തിവച്ച മെഴുകുതിരിവെളിച്ചത്തിൽകാണാവുന്നകമലിന്റെപാതിമുഖം ഒരു സ്വപ്നമാണെന്ന്എനിക്കുതോന്നിത്തുടങ്ങും.

''അമ്മകാത്തിരിക്കും കമൽ.''അപ്പോൾഞാൻപറയും:''നേരംകുറേയായി.''

പിന്നെ രാത്രി, കട്ടിലിൽ ഭർത്താവിന്റെ അടുത്ത് കണ്ണുതുറന്നു കിടക്കെഞാൻപറയും:''നോക്കൂ, ഇന്നു കമൽവന്നിരുന്ന.''

''കമൽനശിക്കുകയാണ്.''ഭർത്താവുപറയും: ''നിനക്കൊന്നുപറഞ്ഞുനോക്കികൂടെകുട്ടീ?''

എന്റെ വയറിൽ വച്ചിരുന്ന ഭർത്താവിന്റെ കൈക്കുമീതെ തലോടിക്കൊണ്ട്, ഉറക്കത്തിലെ

അദ്ദേഹത്തിന്റെ നേർത്തശ്വാസോച്ഛ്വാസം കേട്ടുകൊണ്ട്ഞാൻഅതിനെക്കുറിച്ചോർക്കാൻതുടങ്ങും.

വാഴയിലയിലെ കുറച്ചു മുല്ലപ്പൂവും മുറ്റിത്തഴച്ച കൈതയും പിന്നെ ഇരുട്ടിൽ കത്തിച്ചുവച്ച മെഴുകുതിരിയുടെ മനോഹരമായ ഒരു തുണ്ടു വെളിച്ചവും എല്ലാംകൂടി കുഴഞ്ഞുമറിയും. പച്ചനിറമുള്ള വെള്ളത്തിൽനിറച്ചോളങ്ങളുണ്ടാവും. വേഗമുറങ്ങാൻവളരെയധികംആഗ്രഹിക്കും ഞാൻ.

പക്ഷേ, കമലിനെ കണ്ടുമുട്ടിയ ദിവസം മുതൽ ഇതെല്ലാം ഇങ്ങനെ തന്നെയേ ആവൂ എന്നെനിക്കറിയാമായിരുന്നു.

അതുകൊണ്ട് ഈ ഉച്ചയ്ക്ക് പരസ്പരം കണ്ണുകളിൽ നോക്കാതെ ഞങ്ങൾ നേർക്കുനേരെ ഇരിക്കുമ്പോഴും കമൽ പുറത്തുപോയി ബ്ലൂബേഡ് റസ്റ്റോറൻറിൽ കയറി ചായകുടിക്കാൻ എന്നെ ക്ഷണിക്കുമ്പോഴും അതെല്ലാം വളരെ സ്വാഭാവികമായിത്തോന്നി എനിക്ക്. കമൽ ശാഠ്യം പിടിക്കുന്ന ഒരു കുട്ടിയെപ്പോലെവെറുതെനിർബന്ധിച്ചുകൊണ്ടിരുന്നു.

''ഇന്ന് നാലുമണിക്ക്ചായകുടിക്കാൻ രവി വരും.''ഞാൻപറഞ്ഞു:''ഞാനതിന് കേക്കുണ്ടാക്കുന്നതു കണ്ടില്ലേ
കമൽ ? എങ്ങനെയാണ്ഞാനിപ്പോൾപുറത്തുവരിക?''

കമൽ ഒരു മുന്നറിവും തരാതെ പെട്ടെന്ന് എന്റേ കണ്ണുകളിൽത്തന്നെനോക്കി. കമലിന്റെ കണ്ണുകൾ ഒരു തെറ്റും കൂടാതെ ഇത്ര പെട്ടെന്ന് എന്റെ കണ്ണുകളിൽത്തന്നെ നോക്കിയപ്പൊൾ എനിക്കതിശയം തോന്നി. എങ്ങനെയാണ്എന്റെകണ്ണുകൾഎവിടെയാണെന്നുകമലിനിത്ര വേഗം മനസ്സിലായത് ?

എഗ്ബീറ്റർ മാറ്റിവച്ച് ഞാനെഴുന്നെറ്റതപ്പോഴാണ്.

''സാരി മാറ്റട്ടെഞാൻ.''ഞാൻപറഞ്ഞു: ''മുഖംകഴുകിതയ്യാറായിക്കോളൂ.''

കണ്ണാടിയിൽ എന്റെ കണ്ണുകൾ കണ്ടപ്പോൾ ഞാൻ വീണ്ടും ഓർത്തു. അവ പുറത്താവേണ്ടായിരുന്നു. ഉള്ളിൽഎനിക്കുമാത്രം കാണാവുന്നഎവിടെയെങ്കിലും മതിയായിരുന്നുഅത്.

പിന്നെ, കമലിനു പുറംതിരിഞ്ഞു നിന്നുകൊണ്ട്, ഞാനെന്റെ ഭർത്താവിന്, അത്യാവശ്യമായി പുറത്തുപൊവുകയാണെന്ന്, ഫോൺ ചെയ്തു.

''ഉം. അമ്മ കാത്തരിക്കും.'' ഞാൻ കമലിനു നേരെ തിരിയുമ്പോൾ കമൽ പെട്ടെന്നു പറഞ്ഞു: 'ഇന്നെനിക്ക്അമ്മയെഅമ്പലത്തിൽകൊണ്ടു പോണം.''

ഞാൻനീക്കിവച്ചിരുന്നഎഗ്ബീറ്റർകമൽഎന്റെകൈയിൽഎടുത്തുതന്നു.

ഒരുതുണ്ട് മെഴുകുതിരിവെളിച്ചമല്ലാതെ എന്നോടൊന്നും ആവശ്യപ്പെടരുതെന്ന് കമലിനോട് പറയാൻ ഞാൻ പുറപ്പെട്ടതാണ്. പക്ഷേ, എന്റെ ഭർത്താവ് കമലിനെപ്പറ്റി പറയാറുള്ളത് ഞാൻ പൊടുന്നനെ ഓർത്തു. പിന്നെഞാൻഒന്നുംപറഞ്ഞില്ല,അമ്മയെക്കൊണ്ടു പോകുന്നകാര്യംമറക്കാൻപാടില്ലകമൽഎന്നതൊഴിച്ച്.

ഇരുട്ടിൽ ഞങ്ങൾക്കിടയിൽ കൊളുത്തിവയ്ക്കാറുള്ള മെഴുകുതിരികയുടെ ഭംഗിയുള്ള സ്റ്റാൻഡിൽ തീപ്പെട്ടിക്കോലുകൾ പൊട്ടിച്ചു നിറച്ചുകൊണ്ട് എഴുന്നേൽക്കാതെ ഇരിക്കുന്ന കമലിനെ കണ്ടപ്പോൾ, വളരെ പെട്ടെന്ന് വർഷകാലത്ത് എന്റെ വീട്ടിന്റെ മുന്നിലൂടെ കലങ്ങി കുതിച്ചൊഴുന്ന തോടിന്റെ വേഗത്തിൽ, പച്ചനിറമുള്ള കുറെ വെള്ളവും കൈതയുടെ നിഴലുകളും മലയുടെ മുകളിൽ ചീറിയടിക്കുന്ന കാറ്റും പൊട്ടിച്ചിട്ട കുറെ തീപ്പെട്ടിക്കോലുകളുംഞാനെന്ന ഭാവത്തിന്റെ മിന്നുന്ന തരികളുംഎല്ലാകൂടിഎന്റെമുന്നിൽ അടിഞ്ഞുകൂടി.അതിനൊക്കെഅടിയിൽ ഒന്നുംവ്യക്തമല്ലാത്തതണുത്തആഴം.അതിലേക്കു നോക്കി നില്ക്കാൻ എനിക്ക് രസം തോന്നി. രവി പറയാറുള്ളതുപോലെ, നമുക്ക് നമ്മെഏറ്റുവാങ്ങാൻ നമ്മുടെ മനസ്സുകളേ ഉള്ളൂ എന്നുവരാം.